# കേരള ഫോക്‌ലോർ

## ദേശം • കാലം • സമൂഹം
## രീതിശാസ്ത്രപരിണതികൾ



സമ്പാദനം - പഠനം

**ഡോ. ജയചന്ദ്രൻ കീഴോത്ത്**

18. ഫോക്‌ലോറിന്റെ സ്ഥലകാലവിച്ഛേദം മാധ്യമങ്ങളിൽ 147

19. ലിംഗവൈവിധ്യവും വിമതലിംഗബോധ്യവും കൊടുങ്ങല്ലൂർ ഭരണിയിൽ 153

20. പുതുമലയാളകവിതയിലെ പാരമ്പര്യധാരകൾ 164

21. പുതുകവിതയിലെ നാട്ടുമൊഴികൾ 172

22. സൈബർസ്പെയ്സിലെ ഫോക്‌ലോർ വിനിമയങ്ങൾ 179

ഭാഗം രണ്ട്

23 മലയാളത്തിലെ പഴഞ്ചൊല്ലുകൾ: ഒരു ഭാഷാശാസ്ത്ര വിശകലനം 189

24. മലയരയരുടെ ഗോത്രദൈവം : ശബരിമല അയ്യപ്പനെക്കുറിച്ചുള്ള സാംസ്കാരികവായന 199

25. മലയസമുദായത്തിലെ മാന്ത്രികവിജ്ഞാനം: പാരമ്പര്യവും പ്രയോഗവും 204

26. അയ്യപ്പൻതീയാട്ട്: അനുഷ്ഠാനവും സമൂഹവും 210

27. മലബാറിൽ മറുത്തുകളിയുടെ സ്വാധീനം 214

28. മുഖചമയങ്ങളും വിശ്വാസങ്ങളും: നാട്ടറിവിന്റെ ശാസ്ത്രീയവിശകലനം 220

29. മലവായിയാട്ടം 224

30. പടയണി : ജനതതിയുടെ അനുഷ്ഠാനം 230

31. പറയിപെറ്റപന്തിരുകുലം : ഐതിഹ്യവും തൃത്താല ദേശരൂപീകരണവും 234

32. പുരാവൃത്തങ്ങളുടെ പൊതുസ്വഭാവം 248

33 പുത്തരിക്കോള് : വയനാടൻ പുലയരുടെ പുത്തരി അനുഷ്ഠാനം 255

34. തിരുമാന്ധാംകുന്ന് പൂരം : ചരിത്രവും സംസ്കാരവും ഒരു അപഗ്രഥനാത്മക പഠനം 263

35. വടക്കേ മലബാറിലെ കളിയാട്ടമഹോത്സവങ്ങൾ : പുനർവായന 274

36. ആണ്ടിയാർ പടുക്ക : അനുഷ്ഠാനവും സ്വത്വരൂപീകരണവും 281

37 ഫോക് അനുഷ്ഠാനങ്ങളിലെ പ്രകൃതിബോധം 285

38. ബാലിത്തെയ്യം : ഇതിഹാസകഥാപാത്രത്തിന്റെ അനുഷ്ഠാനരൂപം 294

18

# ഫോക്‌ലോറിന്റെ സ്ഥലകാലവിച്ഛേദം മാധ്യമങ്ങളിൽ
(Dissociation of time and space in folklore : Study based on media)

ജെനിമോൾകെ. വി.

ഒരു കൂട്ടായ്മയുടെ ആഘോഷത്തിന്റെയോ അനുഷ്ഠാനത്തിന്റെയോ ഭാഗമായാണ് നാടൻകലാരൂപങ്ങൾ ഉരുവം കൊള്ളുന്നത്. ഓരോ സമൂഹത്തിന്റെയും ഭാവനയ്ക്കനുസരിച്ചാണ് അവ രൂപപ്പെട്ടുവരുന്നത്. ജനസാമാന്യത്തിന്റെ പൂർണ്ണ അംഗീകാരമുള്ളതും അവരുടെ ജീവിതത്തിന്റെ ഭാഗവുമായ എന്തും ഫോക്‌ലോർ ആണ്.[1] ഇതിന്റെ അടിസ്ഥാന സവിശേഷതകളിലൊന്ന് പാരമ്പര്യമാണ്. നിയതമായ ധർമങ്ങൾ നിലനിർത്തുകയും മനുഷ്യനെ കൂട്ടായ്മയായി സംഘടിപ്പിച്ചു നിർത്തുന്നതുമായ പാരമ്പര്യഘടകങ്ങളാണ് ഫോക്‌ലോർ. മനുഷ്യന്റെ അടിച്ചമർത്തപ്പെട്ട വികാരങ്ങളുടെയും ആഗ്രഹങ്ങളുടെയും പ്രതിഫലനമാണവ. എല്ലാതരത്തിലുള്ള അസ്വാസ്ഥ്യങ്ങളിൽനിന്നും രക്ഷനേടി ഭാവനയുടെ ലോകത്ത് വിഹരിക്കാനുള്ള ഒരു മാർഗം എന്ന രീതിയിലാണ് വില്യം ആർബാസ്ക് ഫോക്‌ലോറിനെ നിർവചിച്ചത്.

ഒരു കൂട്ടായ്മയുടെ ലോകവീക്ഷണത്തിന്റെ, വിശ്വാസസംഹിതകളുടെ, ജീവിതവ്യവസ്ഥയുടെ സൗന്ദര്യാത്മകമായ വിനിമയമാണ് നാടൻകലകളും ഇതരസാംസ്കാരികരൂപങ്ങളും നിർവഹിക്കുന്നത്. ഒരു സവിശേഷപരിസരത്തിലാണ് ഓരോ ഫോക്‌ലോറും നിലനിൽക്കുന്നത്. പരിസരം മാറുമ്പോൾ ഈ രുപങ്ങളുടെ ധർമത്തിലും വ്യത്യാസമുണ്ടാകുന്നു.[2] പരമ്പരാഗതമായി നിലനിന്നുപോരുന്ന ഓരോ ആചാരവിശ്വാസവും അതാത് കാലത്ത് ജീവിച്ച വ്യത്യസ്തജനവിഭാഗങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. ദേശത്തിന്റെ സംസ്കാരവും പാരമ്പര്യവുമായി ഇഴുകിച്ചേർന്നിരിക്കുന്നവയാണ് അവിടുത്തെ കലാരൂപങ്ങൾ.